പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 4933 | 26.06.2019-ലെ മറുപടിക്ക്

## തിരുവനന്തപുരം ജില്ലയിൽ റോഡ് സേഫ്റ്റി ഫണ്ട് ഉപയോഗം

ചോദ്യം

ശ്രീ.വി. ജോയി

മറുപടി

ശ്രീ. എ.കെ. ശശീന്ദ്രൻ

(ഗതാഗത വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിന ശേഷം തിരുവനന്തപുരം ജില്ലയിൽ റോഡ് സേഫ്റ്റി ഫണ്ടിൽ നിന്ന് ചെലവഴിച്ച തുകയെത്രയെന്ന് വ്യക്തമാക്കാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം റോഡ് സുരക്ഷാ ഫണ്ട് ഉപയോഗിച്ച് തിരുവനന്തപുരം ജില്ലയിൽ നടപ്പിലാക്കിയ പ്രവർത്തനങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br>**പോലീസ് വകുപ്പിന് നൽകിയ തുക**<br>1. കരമന കളിയിക്കാവിള റോഡിൽ ട്രാഫിക് സിഗ്നൽ സ്ഥാപിക്കുന്നതിനുവേണ്ടി 08/09/2016-ൽ 63,81,145/- രൂപ<br>2. പള്ളിപ്പുറം സി.ആർ.പി.എഫിൽ ട്രാഫിക് സിഗ്നൽ ലൈറ്റ് സ്ഥാപിക്കുന്നതിനുവേണ്ടി 23.09.2016-ൽ 12,11,680/- രൂപ<br>3. പോത്തൻകോട് വെമ്പായം പഴകുറ്റി, നെടുമങ്ങാട് റോഡിൽ ട്രാഫിക് സിഗ്നൽ സ്ഥാപിക്കുന്നതിനുവേണ്ടി 01.03.2017-ൽ 42,77,321/- രൂപ<br>4. പൂജപ്പുര ജംഗ്ഷനിൽ റോഡിൽ ട്രാഫിക് സിഗ്നലുകൾ സ്ഥാപിക്കുന്നതിനും ബയോടെക്നോളജി ജംഗ്ഷനിൽ വാണിംഗ് ബ്ലിങ്കറുകൾ സ്ഥാപിക്കുന്നതിനും 13/04/2017-ൽ 13,92,087/- രൂപ<br>5. പാറ്റൂർ ഐ ഹോസ്പിറ്റൽ ജംഗ്ഷനിൽ Cautionary Signal System സ്ഥാപിക്കുന്നതിനായി 22.01.2019-ൽ 50,000/- രൂപ.<br>**പൊതുമരാമത്ത് വകുപ്പിന് നൽകിയ തുക**<br>കരമന പ്രാവച്ചമ്പലം റോഡ് അപകട വിമുക്തമാക്കുന്നതിന് വേണ്ടി 01.03.2017-ൽ 25,00,000/- രൂപ. |

| | | | |
|---|---|---|---|
| | | | <u>ആരോഗ്യ വകുപ്പിന് നൽകിയ തുക</u><br>29.08.2017-ൽ 38,88,051/- രൂപ തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ട്രോമാ കെയർ സ്ഥാപിക്കുന്നതിനുവേണ്ടി<br><u>ജില്ലാ റോഡ് സുരക്ഷാ കൗൺസിൽ</u><br>വട്ടപ്പാറ, ചിറ്റാഴ അമ്പലനഗർ, പള്ളിവിള, കണക്കോട് എന്നിവിടങ്ങളിൽ റോഡ് സേഫ്റ്റി ബാരിയേഴ്സ്, ബോർഡുകൾ എന്നിവ സ്ഥാപിക്കുന്നതിനായി 15.11.2018-ൽ 32,50,000/- രൂപ. |
| (ബി) | വർക്കല മണ്ഡലത്തിലെ കല്ലമ്പലം ജംഗ്ഷനിൽ ട്രാഫിക് സിഗ്നൽ ലൈറ്റ് സ്ഥാപിക്കുവാൻ റോഡ് സേഫ്റ്റി ഫണ്ടിൽ നിന്നും തുക അനുവദിച്ചിട്ടുണ്ടോ; | (ബി) യും (സി) യും | 31/08/2018 ലെ 36-ാമത് കേരള റോഡ് സുരക്ഷാ അതോറിറ്റി യോഗതീരുമാന പ്രകാരം കേരള റോഡ് സുരക്ഷാ അതോറിറ്റിയിലെ ടെക്നിക്കൽ സപ്പോർട്ട് ഗ്രൂപ്പ് ടി വിഷയം പരിശോധിക്കുകയും ഈ വിഷയത്തിൽ കൂടുതൽ വിശദമായ പഠനം ആവശ്യമായതിനാൽ ഇതിനായി നാറ്റ്പാക്കിനെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. |
| (സി) | കല്ലമ്പലം ജംഗ്ഷനിൽ ട്രാഫിക് സിഗ്നൽ ലൈറ്റ് സ്ഥാപിക്കുന്നതിനുള്ള നടപടിക്രമങ്ങളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ? | | |

**സെക്ഷൻ ഓഫീസർ**